തൊണ്ടിന്റെ ലെവി സമ്പ്രദായം വേണ്ടെന്നുവയ്ക്കണമെന്ന അവരുടെ അഭിപ്രായം ഗവൺമെന്റിനു സ്വീകാര്യമല്ല. ഗവൺമെന്റ് അതു വേണ്ടെന്നു വയ്ക്കുകയില്ല. ഗവൺമെന്റുമായി സഹകരിക്കുകയാണു വേണ്ടതു. അവർക്കു ന്യായമായ വല്ല പരാതിയുമുണ്ടെങ്കിൽ അതു കേൾക്കാനും പരിഹാരം കാണാനും ഗവൺമെന്റു തയ്യാറാണു. അല്ലാതെ ഗവൺമെന്റു എടുത്ത ഈ തീരുമാനം പിൻവലിക്കണമെന്നും അങ്ങനെ പിൻവലിക്കുന്നില്ലെങ്കിൽ പണിമുടക്കുമെന്നുള്ള നയം അംഗീകരിക്കാൻ ഗവൺമെന്റു തയ്യാറല്ല. ഇവിടത്തെ സഹകരണ സംഘങ്ങൾക്കു ന്യായമായ വിധത്തിൽ തൊണ്ടു ലഭ്യമാക്കേണ്ട ഉത്തരവാദിത്വം ഗവൺമെന്റിനുണ്ടു. അതു മൂടിയ തൊണ്ടിൽനിന്നാണു ഇപ്പോൾ കൊടുക്കുന്നതു. അങ്ങനെ കൊടുക്കാനേ നിർവ്വാഹമുള്ളു. അതുകൊണ്ടു എനിക്കു ബഹുമാനപ്പെട്ട തോപ്പിൽ രവിയോടും മറ്റാളുകളോടും പറയാനുള്ളതു, അവർക്കു പരാതിയുണ്ടെങ്കിൽ അതു ഗവൺമെന്റിന്റെ മുമ്പിൽ ചർച്ചചെയ്യാൻ ഗവൺമെന്റു സന്നദ്ധമാണു. പക്ഷേ ലെവി സമ്പ്രദായം ഉപേക്ഷിക്കുവാനോ ഇങ്ങനെ കുറെ ഒഴിവാക്കണമെന്നുള്ളതിനേയോ അനുകൂലിക്കാൻ ഗവൺമെന്റിനു നിവൃത്തിയില്ല. അതേയവസരം ലെവി കൊടുത്തതായോ ഗവൺമെന്റിനു കിട്ടേണ്ടതായ ഓഹരി കൊടുത്തുകഴിഞ്ഞതാണോയെന്നു രേഖകൾ ഹാജരാക്കുകയാണെങ്കിൽ അതു ഗവൺമെന്റു പരിശോധിക്കുന്നതാണു. അതുകൊണ്ടു മാത്രമാണു ഈ കാര്യത്തിൽ അതു ഒഴിവാക്കണമെന്നു എനിക്കു പറയാനുള്ളതു. കയർ കെട്ടിക്കിടക്കുന്നു എന്നുള്ളതു ശരിയാണു. കയറും കയറുൽപ്പന്നങ്ങളും കെട്ടിക്കിടക്കുന്നതുകൊണ്ടു മാർക്കറ്റിൽ മാന്ദ്യമുണ്ടു. ഇതിനുവേണ്ടി ഒരു പരിഹാരമെന്നുള്ള നിലയ്ക്കു കയറുൽപ്പന്നങ്ങൾക്കും കയറിനും റിബേറും ഡിസ്ക്കൗണ്ടും അനുവദിക്കണമെന്നു ആവശ്യപ്പെട്ടുകൊണ്ടു കേന്ദ്ര വ്യവസായവകുപ്പു മന്ത്രിയെ നേരിൽ കണ്ടു നിവേദനം കൊടുത്തിട്ടുണ്ടു. അദ്ദേഹത്തിൽനിന്നു എനിക്കു കിട്ടിയ വിവരം വളരെ അടുത്തുതന്നെ ഒരു തീരുമാനമെടുക്കുമെന്നാണു. കയർ ബോർഡുമായി കേന്ദ്ര ഗവൺമെന്റു ഇതു സംബന്ധിച്ചു ആലോചിച്ചിട്ടുണ്ടു. അതുകൊണ്ടു കയർ വിറ്റഴിക്കുന്നതിനു 20 ശതമാനം റിബേറു നൽകാനുള്ള സംസ്ഥാന ഗവൺമെന്റിന്റെ അപേക്ഷ കേന്ദ്ര ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണു. അനുഭാവപൂർവ്വമായി പരിഗണിച്ചുകൊണ്ടുള്ള ഒരു തീരുമാനം ഗവൺമെന്റു പ്രതീക്ഷിക്കുകയാണു. ഈ രംഗത്തു ആവുന്ന എല്ലാ സഹായങ്ങളും പ്രോത്സാഹനങ്ങളും നൽകാനുള്ള എല്ലാ നടപടികളും എടുത്തിട്ടുണ്ടു. അതുകൊണ്ടു ഈ ചെറുകിട ഉൽപ്പാദകരെന്നു പറയുന്ന ആളുകൾ ഇപ്പോൾ എടുത്തിട്ടുള്ള ഈ തീരുമാനം തെറ്റാണു. അതു അവർ ഉപേക്ഷിക്കണമെന്നും അവരുടെ ന്യായമായ പരാതികൾ പരിഗണിക്കാനും പരിശോധിക്കാനും ഗവൺമെന്റു തയ്യാറാണെന്നും പറഞ്ഞതുകൊണ്ടു ഒരു നിലയിലും ലെവി സമ്പ്രദായം വേണ്ടെന്നു വയ്ക്കുകയില്ല. ലെവി ലഭിക്കേണ്ടവരിൽ നിന്നു ലെവി എടുക്കുന്നതിനു ഗവൺമെന്റു യാതൊരു വിഘ്നവും വരുത്തുകയില്ലെന്നുകൂടി ഞാൻ വ്യക്തമാക്കുന്നു.

(2) എം. എൽ. എ. റോഡുകളുടെ നിർമ്മാണത്തിലുണ്ടായിട്ടുള്ള കാലതാമസം

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, ഈ സഭയുടെ അവസാനത്തെ സമ്മേളനമാണിത് എന്നാണല്ലോ വയ്പ്? .....(ബഹളം).....ഇത് പത്രങ്ങളിൽ കണ്ടതാണു.

LIBRARY ARCHIVES Kerala Legislative Assembly

ഞാനിത് പറയാനുള്ള കാരണം സമ്മേളനം ആരംഭിക്കുന്നതുതന്നെ ഒൻപതര മണിക്കാണ്; രാഹുകാലം കഴിഞ്ഞിട്ടാണ്. പതിമൂന്ന് എന്നുള്ള നമ്പരും മാറ്റിക്കിട്ടണം. അങ്ങനെ പതിനാലാം ആക്കിയതാണ്. അങ്ങനെ അന്ധവിശ്വാസികളുടെ ഈ ഗവൺമെന്റിനോട് ഒരു കാര്യം പറയാൻ ആഗ്രഹിക്കുന്നത്.....

മി. സ്പീക്കർ: ശ്രീ. വർക്കല രാധാകൃഷ്ണൻ, അങ്ങ് കാളിംഗ് അറ്റൻഷനെക്കുറിച്ച് പറയൂ.

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, വികസന രംഗത്തു നടന്നു വരുന്ന ഒരു രാഷ്ട്രീയ തട്ടിപ്പിനെക്കുറിച്ചാണ് ഞാൻ ഈ ശ്രദ്ധക്ഷണിക്കൽ പ്രമേയം കൊണ്ട് ഉദ്ദേശിക്കുന്നത്. ഈ സഭയിൽ ഒരു എം. എൽ. എ-ക്ക് രണ്ട് റോഡ് എന്ന ഒരു പ്രഖ്യാപനമുണ്ടായി. ആ പ്രഖ്യാപനം നടത്തിയത്, യശഃശരീരനായ ബഹുമാന്യനായ സി. എച്ച്. മുഹമ്മദു കോയ മന്ത്രി ആയിരുന്നപ്പോഴാണ്. അന്ന് അദ്ധ്യക്ഷത വഹിച്ച സ്പീക്കർ കളരിക്ക് പുറത്തായി. എന്നാൽ ഇന്ന് വന്നിരിക്കുന്ന സ്ഥിതിയെന്താണ്? ആഞ്ച് കൊല്ലം കഴിഞ്ഞ് എം. എൽ. എ. മാർ അവരുടെ നിയോജകമണ്ഡലങ്ങളിലേയ്ക്ക് ചെല്ലുമ്പോൾ ഓരോ എം. എൽ. എ. യ്ക്കും പറയാൻ കഴിയുന്ന ഒരു നേട്ടമെന്നുള്ള നിലയിലാണ് ഇത് ഉദ്ദേശിച്ചിരുന്നത്. പക്ഷേ രാഷ്ട്രീയമായ പരിഗണനകൾ വച്ചാണ് എം. എൽ. എ. റോഡുകളുടെ നിർമ്മാണം നടക്കുന്നതെന്നുള്ളത് വളരെ ഖേദത്തോടും പ്രതിഷേധത്തോടും കൂടി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. എം. എൽ. എ. മാരുടെ തകരാറു കൊണ്ടാണ്, ഈ റോഡുകളുടെ പണി നടക്കാതെ പോകുന്നതെന്ന് ഈ കഴിഞ്ഞ ദിവസം നമ്മുടെ ഉപമുഖ്യമന്ത്രി ഒരു പ്രസ്താവനയിലൂടെ പറയുകയുണ്ടായി. അദ്ദേഹം പറഞ്ഞത് അവാസ്തവമായ പ്രസ്താവനയാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അദ്ദേഹം എം. എൽ. എ. മാരെ തള്ളിപ്പറഞ്ഞത് അത്ര മര്യാദയായില്ല. പക്ഷേ അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം അദ്ദേഹം ഇപ്പോൾ സേട്ടു സാഹിബിനെ ഏതാനും നിമിഷങ്ങൾക്കു മുമ്പ് തള്ളിപ്പറഞ്ഞു. അത് സൗകര്യത്തിനുവേണ്ടി ഒരു നല്ല കാര്യത്തിനു പറഞ്ഞതാണ്. എന്നാൽ എനിക്ക് ഈയവസരത്തിൽ പറയാനുള്ളത് തിരുവനന്തപുരം ജില്ലയിലും, അതുപോലെതന്നെ നിരവധി ജില്ലകളിലുമുള്ള എം. എൽ. എ. റോഡുകൾ ഇന്നും പണി ആരംഭിക്കാൻ കഴിയാത്ത ഒരു സ്ഥിതിവിശേഷത്തിൽ ചെന്ന് നിൽക്കുകയാണ്. ഒരൊറ്റ റോഡിനുപോലും ബഡ്ജറ്റിൽ പ്രൊവിഷനില്ല. ഇന്ന് അനുവദിച്ചിരിക്കുന്ന അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ പോരാഞ്ഞിട്ട് ഒരു സ്പെഷ്യൽ സാംഗ്ഷൻ കൂടി വാങ്ങി പിന്നെ വീണ്ടും കൊറി ഇട്ട് ഇങ്ങനെ കഴിഞ്ഞ മൂന്നു കൊല്ലമായി നിരവധി റോഡുകൾ സെക്രട്ടറിയേറ്റിന്റെ ഫയലിൽ കുന്നുകൂടി ഇന്നും കിടക്കുകയാണ്.

[അദ്ധ്യക്ഷവേദിയിൽ ഡെപ്യൂട്ടി സ്പീക്കർ]

സർ, ഇവിടെയുള്ള പല റോഡുകളിലും ഒരു സെൻറു ഭൂമിയുടേയും സറണ്ടർ സ്റ്റേറ്റ്മെൻറിന്റെ പ്രശ്നമുണ്ടായിരുന്നില്ല. ഈ റോഡുകളെല്ലാം നിഷ്പ്രയാസം ഈ ഗവൺമെൻറിന് കാലാകാലങ്ങളിൽ ചെയ്തുതീർക്കാൻ കഴിയുമായിരുന്നു. എന്നിട്ട് യാതൊരു നടപടിയും സ്വീകരിക്കാതെ ഈ റോഡുകളെല്ലാം ഇന്നും പൂർണ്ണമായും ചെയ്യാൻ വയ്യാത്ത അല്ലെങ്കിൽ അടങ്കൽ പണികൾ തുടങ്ങാൻ വയ്യാത്ത നിലയിൽ

LIBRARY ARCHIVES Kerala Legislative Assembly

എത്തിയിരിക്കുന്നു. സർ, ഉദാഹരണത്തിന് എന്റെ നിയോജക മണ്ഡലത്തിൽ അനുവദിച്ച രണ്ടു റോഡുകളുടെ സ്ഥിതി തന്നെ പറയാം. അതിന് ബഡ്ജറ്റിൽ പ്രൊവിഷൻ ഇല്ല. എന്നിട്ട് സാംഗ്ഷൻ കൊടുത്തിരിക്കുന്നത് എങ്ങനെയാണെന്നു ചോദിച്ചാൽ അടുത്ത സാമ്പത്തിക വർഷത്തിൽ ഇതിനുള്ള പണം അനുവദിക്കാം, ഇപ്പോഴും ടെണ്ടർ വിളിക്കാനാണ് പറഞ്ഞിരിക്കുന്നത്. പല ഉദ്യോഗസ്ഥൻമാരും ടെണ്ടർ വിളിക്കാൻ മടിക്കുന്നുണ്ട്. കാരണം ഇത് 'ത്രിശങ്കുസ്വർഗ'ത്തിലെ ഫ്ളർപ്പാടാണ്. അടുത്ത ബഡ്ജറ്റിൽ പ്രൊവിഷൻ വന്നില്ലെങ്കിൽ ജോലി ആരംഭിക്കുന്ന കോൺട്രാക്ടർക്ക് എവിടെനിന്ന് പേമെന്റ് നടത്തും? അടുത്ത സാമ്പത്തിക വർഷത്തിൽ വരുന്ന ബഡ്ജറ് ഈ ഗവൺമെന്റിന്റേതാണോയെന്നറിയില്ല? ഗവൺമെന്റിന്റെ നയപ്രഖ്യാപനം എന്തായിരിക്കുമെന്നും അറിയില്ല? എന്നാൽ ഇന്ന് നടക്കുന്നത് അടുത്ത ബഡ്ജറ്റിൽ പ്രൊവിഷൻ കാണുമെന്നുള്ള ഒരു ഭാവി വാഗ്ദാനത്തിന്റെ അടിസ്ഥാനത്തിലാണ് പല റോഡുകൾക്കും ഇന്ന് സാംഗ്ഷൻ കൊടുക്കുന്നതും അതുപോലെതന്നെ പ്രത്യേക സാംഗ്ഷൻ കൊടുക്കുന്നതും. ഈ സംസ്ഥാനത്തുള്ള ഭൂരിപക്ഷം എം. എൽ. എ. മാരുടേയും റോഡുകൾ ഇന്നും പണി തുടങ്ങാൻ വയ്യാത്ത അത്യന്തം ഗുരുതരമായ സ്ഥിതിയിൽ നിൽക്കുകയാണ്. ബഹുമാനപ്പെട്ട ഉപമുഖ്യമന്ത്രി മറുപടി പറയുമ്പോൾ പറയുമായിരിക്കും, രാഷ്ട്രീയ പരിഗണനകളൊന്നും ഇതിലില്ലെന്ന്. ഒരു പക്ഷേ അദ്ദേഹം ഒരു ലിസ്റ്റ് വായിക്കുമായിരിക്കാം. പക്ഷേ വസ്തുത വസ്തുതയാണു സർ. ഈ രാജ്യത്തെ പല എം. എൽ. എ. മാരുടേയും പ്രതിപക്ഷത്തുള്ള ബഹുഭൂരിപക്ഷം എം. എൽ. എ. മാരുടേയും ഒരൊറ്റ റോഡുപോലും പണി തുടങ്ങാൻ കഴിയാത്ത നിലയിലാണ് ഇന്നു ചെന്നുനിൽക്കുന്നത്. ഇങ്ങനെയൊരു ദുഃസ്ഥിതി ഈ രാജ്യത്ത് വരുത്തിവെച്ചത് ഞാൻ ബഹുമാനിക്കുന്ന ഉപമുഖ്യമന്ത്രിക്ക് ഭൂഷണമായില്ല. അദ്ദേഹം ഈ കാര്യത്തിൽ രാഷ്ട്രീയ പരിഗണന വച്ചത് ശരിയായില്ല. അദ്ദേഹം രാഷ്ട്രീയത്തിൽനിന്ന് വിരമിക്കാൻ പോകുന്നുവെന്ന് പത്രങ്ങളിൽ വായിച്ചു. ഏതായാലും രാഷ്ട്രീയത്തിൽനിന്ന് വിരമിക്കാൻ പോകുന്ന ഈ സന്ദർഭത്തിൽ ഇങ്ങനെ ഒരു രാഷ്ട്രീയ പരിഗണന വച്ചത് അങ്ങേയറ്റം മോശമായിപ്പോയി. ഇങ്ങനെ ഈ കാര്യത്തിൽ ഒരു പരിഗണന വേണ്ടായിരുന്നു. സർ, എം. എൽ. എ. മാരായ ഞങ്ങൾക്ക് ഞങ്ങളുടെ നിയോജകമണ്ഡലങ്ങളിൽ വികസനരംഗത്ത് ഒന്നും പറയാൻ പാടില്ലെന്നുള്ള നിലയിലേക്ക് ഈ ഗവൺമെന്റ് ഞങ്ങളെ കൊണ്ടെത്തിച്ചിരിക്കുകയാണ്. പ്രതിപക്ഷ പാർട്ടികളോട് തികഞ്ഞ അവഗണനയാണ് ഈ ഗവൺമെന്റ് കാണിച്ചിട്ടുള്ളത്. അങ്ങേയറ്റം പക്ഷപാതപരമായ നിലയിലാണ് എം. എൽ. എ. റോഡുകളുടെ പണി നടക്കുന്നത്. സർ, എന്തെല്ലാം കൊറികളാണ്? അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ, ടെക്നിക്കൽ സാംഗ്ഷൻ, പിന്നീട് സ്പെഷ്യൽ സാംഗ്ഷൻ, അതുകഴിഞ്ഞ് കൊറി, ഇങ്ങനെയാണ് എല്ലാ റോഡുകളെ സംബന്ധിച്ചും. ടെണ്ടർ ചെയ്യാൻപോലും ഉദ്യോഗസ്ഥൻമാർക്ക് സാങ്കേതികമായ പ്രയാസമുള്ള നിലയിലെത്തിയിരിക്കുകയാണ്. ഈ ഗവൺമെന്റിന്റെ ഭരണകാലത്ത് മലപ്പുറം ജില്ലയിലൊഴിച്ച് ബഹുഭൂരിപക്ഷം എം. എൽ. എ. മാരുടേയും റോഡുകളുടെ സ്ഥിതി ഇതാണ്. മലപ്പുറം ജില്ലയിൽനിന്നു പ്രതിനിധാനം ചെയ്യുന്ന അങ്ങ് ഭാഗ്യവാനാണ്. മലപ്പുറം ജില്ലയിലുള്ള എം. എൽ. എ. മാരെ ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

പ്രത്യേകം അഭിനന്ദിക്കുന്നു. കാരണം അവരാണല്ലോ ഇതിന്റെ ആനുകൂല്യങ്ങൾ അനുഭവിക്കുന്നത്. കണ്ണൂരിനും ഇല്ല, തിരുവനന്തപുരത്തിനും ഇല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: പഴയ കാലത്ത് അങ്ങൊക്കെ ഒരു പാടു ഭോഗ്യങ്ങൾ അനുഭവിച്ചവരാണ്.

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, ഏതായാലും മലപ്പുറം ജില്ലയിൽ നടന്നതിനു സന്തോഷം. പക്ഷേ അതു വേണമായിരുന്നോ? ഈ രാജ്യത്ത് കണ്ണൂർ ജില്ലയിൽ ഇല്ല, കോഴിക്കോടു ജില്ലയിൽ ഇല്ല, അതുപോലെ തന്നെ തിരുവനന്തപുരം ജില്ലയിൽ ഇല്ല, കൊല്ലം ജില്ലയിൽ ഇല്ല. ഏതു ജില്ലയിൽ ഉണ്ട് സർ? പതിപക്ഷ പാർട്ടികളും ഭരണകക്ഷിയിൽപ്പെട്ടവരും രാഷ്ട്രീയമായ സ്വാധീനം ചെലുത്താൻ കഴിയുന്ന ചില ആളുകളുമൊഴിച്ച് ബാക്കി മുഴുവൻ എം.എൽ.എ. മാരുടേയും റോഡുകളും ഇന്ന് പൂർണ്ണമായും പരാജയസ്ഥിതിയിലാണ്. ഈ ദുഃസ്ഥിതി വരുത്തിയതിന് തീർച്ചയായും ഈ ഗവൺമെന്റ് ഉത്തരവാദിത്വം വഹിക്കേണ്ടിവരും: ഇനിയെങ്കിലും, അതായത് പോകുന്ന പോക്കിലെങ്കിലും ഈ റോഡുകൾ അടിയന്തിരമായി പണി ആരംഭിക്കാൻ നടപടികളെടുക്കുമോയെന്ന് ഉപമുഖ്യമന്ത്രിയോട് ഞാൻ ചോദിക്കുകയാണ്? അദ്ദേഹത്തോട് ഞാൻ വിനീതമായി ചോദിക്കുന്ന, ദയവുചെയ്ത് ഈ ഫയലുകളെല്ലാം പരിശോധിച്ച് മാർച്ചുമാസത്തിൽത്തന്നെ ഇതിന്റെ ജോലികൾ ആരംഭിക്കാൻ നടപടിയെടുക്കണമെന്ന് അങ്ങയുടെ ഒരു പൂർവ്വകാല സുഹൃത്ത് എന്നുള്ള നിലയിൽ വിനീതമായി ഞാൻ അഭ്യർത്ഥിക്കുന്നു.

ഉപമുഖ്യമന്ത്രി (ശ്രീ. മക. അവുക്കാദർകുട്ടി നഹ): സർ, ബഹുമാനപ്പെട്ട രാധാകൃഷ്ണൻ പത്രദ്വാരാ, അവസാനത്തെ നിയമസഭാസമ്മേളനമാണെന്ന് മനസ്സിലാക്കിക്കൊണ്ട് രാഷ്ട്രീയ മുതലെടുപ്പ് നടത്തുവാൻവേണ്ടി എം. എൽ. എ. റോഡുകൾ അനുവദിക്കുന്നത് രാഷ്ട്രീയ വിവേചനം കാണിച്ചുകൊണ്ടാണ് എന്നുള്ള അദ്ദേഹത്തിന്റെ പ്രസ്താവനയിൽ ഞാനാദ്യമായി പ്രതിഷേധിക്കുകയാണ്. രണ്ടാമതായി എം. എൽ. എ. മാരുടെ ശുഷ്ക്കാന്തിപോരായ്മ കൊണ്ടാണ് റോഡുകളുടെ പണി നടക്കാത്തതെന്ന് ഞാൻ പറഞ്ഞത് ഞാൻ വീണ്ടും ആവർത്തിക്കുകയാണ്. എം. എൽ. എ. മാർ വളരെ ശുഷ്ക്കാന്തിയോടുകൂടി എവിടെയെല്ലാം പ്രവർത്തിച്ചിട്ടുണ്ടോ അവിടെയെല്ലാം റോഡുകളുടെ പണികൾ ഏറെറടുത്തിട്ടുണ്ട്. അവിടങ്ങളിലെല്ലാം പണി ആരംഭിച്ചിട്ടുണ്ട്. എം. എൽ. എ. മാർ, തണുപ്പൻ രീതിയിൽ പോകുന്ന സ്ഥലങ്ങളിൽ റോഡുകളുടെ പ്രവർത്തനങ്ങൾക്ക് മന്ദീഭാവം ഉണ്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതായിട്ടുള്ള രണ്ടു റോഡുകളുടെ പണിയ്ക്ക് ടെൻഡറുകൾ വിളിച്ചിട്ടുണ്ട്. ആകെ 281 റോഡുകളാണ് എം. എൽ. എ. മാരുടെ റോഡുകളെന്നുള്ള നിലയിൽ ഏറെറടുക്കേണ്ടത്. അതിൽ 266 റോഡുകളും ഏറെറടുത്തുകഴിഞ്ഞു. 11 റോഡുകളുടെ പ്രവൃത്തി പൂർത്തിയായതിനുപുറമേ 150 റോഡുകളുടെ പ്രവൃത്തികൾ നടന്നുവരികയാണ്. കുറേയധികം റോഡുകളുടെ പണി പൂർത്തിയായിട്ടുണ്ട്. പക്ഷേ ടാർ ഇട്ടുകഴിഞ്ഞതിനുശേഷമേ പണി പൂർത്തിയായതായി ഞങ്ങൾ എഴുതുകയുള്ളു. ഈ 150-ൽ തന്നെ എത്രയോ അധികം റോഡുകൾ പൂർത്തിയായിട്ടുണ്ട്. പക്ഷേ ടാർ ഇടാത്തതുകൊണ്ട് പൂർത്തിയായ റോഡുകളുടെ ലിസ്റ്റിൽ അത് വരുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

266 റോഡുകൾ ഗവൺമെൻറ് ഏറെറടുത്തുകഴിഞ്ഞു. 225 റോഡുകൾക്ക് ടെൻഡറുകൾ വിളിക്കാൻ പറഞ്ഞു. ഇതിലപ്പുറം ഒരു ഗവൺമെൻറിന് ചെയ്യാൻ കഴിയുന്നതെന്താണ്? രാധാകൃഷ്ണനും അതുപോലുള്ള മറ്റുള്ളവർക്കും ഇതുപോലെ രാഷ്ട്രീയ പ്രസംഗം നടത്തുന്നതിനായി ഈ വേദി ഉപയോഗിക്കാമെന്നല്ലാതെ എം. എൽ. എ. മാർ അത് ഫോളോ അപ്പ് ചെയ്യാത്ത കാലത്തോളം തീർച്ചയായും ഈ റോഡിൻെറ കാര്യത്തിൽ തടസ്സം നേരിടും, താമസം നേരിടും. ബഹുമാനപ്പെട്ട ഗൗരിയമ്മയ്ക്ക് അറിയാം. അവരുടെ ഒരു റോഡിനെ സംബന്ധിച്ച് അവർ പരസ്യമായി പത്രത്തിലൂടെ തന്നെ രാഷ്ട്രീയ വിവേചനം ഉണ്ടെന്ന് പറഞ്ഞു. അവരുടെ രണ്ടു റോഡും എഴുതിക്കൊടുത്തുവെന്നാണ് പറഞ്ഞത്. ആരാണ് എഴുതിക്കൊടുത്തത്? സ്ഥലത്തിൻെറ ഉടമകളല്ല, ഗൗരിയമ്മ എഴുതിക്കൊടുത്തു. ഗൗരിയമ്മ എഴുതിക്കൊടുത്താൽ നടപടിയെടുക്കാൻ പറ്റുമോ?

ശ്രീമതി കെ. ആർ. ഗൗരി: വില്ലേജാഫീസറാണ് സർട്ടിഫൈ ചെയ്തുകൊടുത്തത്.

ശ്രീ. കെ. അബൂക്കാദർകുട്ടി നഹ: എഞ്ചിനീയർമാർ എഴുതിക്കൊടുത്തതായി തെളിവില്ല എന്നു പറഞ്ഞു. സ്ഥലത്തിൻെറ ഉടമകളല്ല എഴുതിക്കൊടുത്തത്. അക്കാരണം കൊണ്ട് റോഡിന് അനുമതി കൊടുത്തിട്ടില്ല. അതുപോലെ തന്നെ എം. എൽ. എ. മാർ ശുഷ്കാന്തി കാണിക്കാത്ത സ്ഥലങ്ങളിൽ താമസം നേരിടുന്നു. 266 റോഡുകളിൽ ഇനി 15 എണ്ണം ഏറെറടുക്കാനുണ്ട്. വളരെ താമസിച്ചുപോയി എന്ന് ഞാനും പറയുന്നു. ഇത് സംവേിച്ചത് ഗവൺമെൻറിൻെറ നോട്ടക്കുറവു കൊണ്ടല്ല, ഗവൺമെൻറിൻെറ ഇൻറൻറസ്റ്റ് ഇല്ലായ്മകൊണ്ടല്ല, കാല താമസമുണ്ടായിട്ടുള്ളത്. സാമ്പത്തികമായി പരാധീനതയുണ്ടെങ്കിലും നമ്മുടെ ഈ അഞ്ചുകൊല്ലക്കാലത്തെ ഭരണത്തിനിടയിൽ ഏറെറവും കൂടുതൽ പ്രാധാന്യം നൽകിയ വികസന പ്രവർത്തനമാണ് എം. എൽ. എ. റോഡുകൾ. പക്ഷേ അതിനാവശ്യമായ സ്ഥലം ഈ അഞ്ചുകൊല്ലമായിട്ടും സിദ്ധിച്ചിട്ടില്ലെന്ന് പറഞ്ഞാൽ അത് ആരുടെ കുറ്റംകൊണ്ടാണ്? ഏതായാലും ആ പാപം പേറാൻ ഞാനില്ല. അതിന് ഞാൻ തയ്യാറല്ല എന്നു മാത്രമേ ഞാനീയവസരത്തിൽ പറയുന്നുള്ളു.

ശ്രീമതി കെ. ആർ. ഗൗരി: സർ, എനിക്ക് ഒരു പേഴ്സണൽ എക്സ്പ്ലനേഷനുള്ള സമയം തരണം.

ഡെപ്യൂട്ടി സ്പീക്കർ: ഗൗരിയമ്മയ്ക്ക് വേറൊരു അവസരത്തിൽ സംസാരിക്കാം. ഇപ്പോൾ ഇത് സബ്മിഷനുള്ള സമയമാണ്.

ശ്രീമതി കെ. ആർ. ഗൗരി: സബ്മിഷൻ കഴിഞ്ഞിട്ട് എനിക്ക് പറയാനുള്ളത് പറയാനുള്ള സമയം തരണം. എന്താണെന്നുവച്ചാൽ ഓരോരുത്തർക്കും ഇഷ്ടമുള്ളതുപോലെ എന്തും പറയാമെന്നു വിചാരിക്കരുത്. ഞാനാണ് പലരുടെയും ഒപ്പ് ഇട്ടുകൊടുത്തതെന്നാണ് നഹ പറയുന്നത്.



LIBRARY ARCHIVES Kerala Legislative Assembly